**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 443** | **19-10-2011- ൽ മറുപടിയ്ക്ക്**

**തരിശ് ഭൂമിയിൽ കൃഷി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. പി.കെ. ബഷീർ<br>ശ്രീ. എം. ഷംസുദ്ദീൻ<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് തരിശായി കിടപ്പുള്ള കൃഷി ഭൂമികൾ കൃഷിചെയ്ത് ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; | എ) | പരിഗണനയിലുണ്ട്. |
| ബി) കൃഷിഭൂമി തരിശിടാൻ കർഷകർ നിർബന്ധിതരായിത്തീരുന്ന നിലവിലെ സാഹചര്യങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | ബി) | ഉണ്ട്.<br>i) കൃഷിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങ ളുടെ അഭാവം<br>ii) ഉല്പാദനോപാധികളുടെ ലഭ്യതക്കുറവും ഉയർന്ന വിലയും<br>iii) കാർഷിക മേഖലയിലെ തൊഴിലാളികളുടെ ലഭ്യതക്കുറവും ഉയർന്ന കൂലിയും.<br>iv) കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച.<br>v) ലാഭകരമല്ലാത്ത കൃഷി.<br>vi) വിപണികളുടെ ലഭ്യതക്കുറവ്.<br>vii) വായ്പാ സൗകര്യങ്ങൾക്കുള്ള തടസ്സങ്ങൾ.<br>viii) കാലാവസ്ഥാ വ്യതിയാനങ്ങൾ.<br>ഇക്കാരണങ്ങളാൽ കർഷകർ കൃഷി ഭൂമി തരിശിടാൻ നിർബന്ധിതരായി തീരുന്നുണ്ട്. |
| സി) കൃഷിഭൂമി വർഷങ്ങളോളം തരിശിട്ട് നികത്തി വൻതുകയ്ക്ക് കൈമാറ്റം ചെയ്യുന്ന റിയൽ എസ്റ്റേറ്റ് മാഫിയ ഇതിനു പിന്നിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കുമോ; | സി) | സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | സഹായം നൽകുന്നതിനുള്ള ഒരു പദ്ധതിയെ കുറിച്ച് ആലോചിക്കുമോ; | | നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു തുടങ്ങിയിട്ടുണ്ട്. |
| ഇ) | ഭൂവിനിമയ ഉദ്ദേശം വച്ച് തരിശിടുന്ന ഭൂമി പിടിച്ചെടുത്ത് സ്ഥലത്തെ കർഷകത്തൊഴിലാളി സംഘങ്ങളെക്കൊണ്ട് കൃഷിയിറക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | ഇ) | ഭൂമിയുടെ ഉടമയുടെ കൂടി അനുവാദത്തോടു കൂടി തരിശു ഭൂമി, കൃഷി സന്നദ്ധത പ്രകടിപ്പിക്കുന്ന സ്വയംസഹായ സംഘങ്ങൾ, കുടുംബശ്രീ ഗ്രൂപ്പുകൾ, സന്നദ്ധ സംഘടനകൾ, വ്യക്തികൾ തുടങ്ങിയവർ മുഖാന്തിരം കൃഷിയിറക്കുന്നതിനുള്ള നടപടികൾ നിലവിലെ തരിശു ഭൂമി കൃഷിയിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ